**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1845** **02-02-2024 - ൽ മറുപടിയ്ക്ക്**

**ലൈബ്രറികളിൽ സൗജന്യ പി.എസ്.സി. പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലൈബ്രറികളിൽ സൗജന്യ പി.എസ്.സി പരിശീലന ക്ലാസുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകാൻ സാധിക്കുമോയെന്ന് അറിയിക്കുമോ; | (എ) | നിലവിൽ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ വരുന്ന 800 - ഓളം ലൈബ്രറികളിൽ സൗജന്യ പി.എസ്.സി പരിശീലനം നൽകിവരുന്നു. ആയതിന് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നില്ല. |
| (ബി) | ലൈബ്രറികളിൽ പകൽവീട്, പഠനവീട് പദ്ധതികൾ ഊർജ്ജിതമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സഹകരിച്ച് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ വരുന്ന ലൈബ്രറികളിൽ പകൽവീട് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലൈബ്രറി കൗൺസിൽ നൽകിയിട്ടുണ്ട്. പഠനവീട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ